# മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ – 2

## പഞ്ചായത്ത്/മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ലഘുലേഖകളും പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സംബന്ധിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

തിരഞ്ഞെടുപ്പ് ലഘുലേഖകളും പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 124-ാം വകുപ്പ് പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 148-ാം വകുപ്പ് പ്രകാരവും നിഷ്കർഷിച്ചിട്ടുള്ള നിയന്ത്രണങ്ങളിലേയ്ക്ക് എല്ലാ രാഷ്ട്രീയപാർട്ടികളുടേയും തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടേയും, അച്ചടിശാലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. കൈകൊണ്ട് പകർത്തിയെഴുതുന്നതൊഴിച്ച്, അച്ചടിക്കുന്നതോ മറ്റ് രീതിയിൽ പകർപ്പുകൾ എടുക്കുന്നതോ ആയ എല്ലാ തിരഞ്ഞെടുപ്പ് ലഘുലേഖകളിലും പോസ്റ്ററുകളിലും നോട്ടീസുകളിലും അച്ചടിച്ച പ്രസ്സിന്റേയും പ്രസാധകന്റേയും പേരും വിലാസവും മുൻപേജിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. അപ്രകാരമുള്ള ഓരോ രേഖകളും അച്ചടിക്കുന്ന ആൾ പ്രസാധകന്റെ പക്കൽ നിന്നും തന്റെ അനന്യതയെ (IDENTITY) സംബന്ധിച്ച് നേരിട്ട് അറിയുമെന്ന് രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയ ഫലപ്രഖ്യാപനത്തിന്റെ രണ്ട് പ്രതികൾ വാങ്ങിയിരിക്കേണ്ടതാണ്.

3. പ്രസ്സുടമ മേൽപ്രകാരമുള്ള രേഖകൾ അച്ചടിച്ചാലുടൻ അതിന്റെ ഒരു പകർപ്പ് (പ്രഖ്യാപനത്തിന്റെ പകർപ്പ്) സഹിതം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതാണ്.

4. നിയമത്തിലെ പ്രസ്തുത വകുപ്പ് ലംഘിക്കുന്നവർ ആറുമാസം വരെയുള്ള തടവിനോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉള്ള ശിക്ഷയ്ക്ക് വിധേയനാകും.

5. മേൽ പ്രസ്താവിച്ച പ്രകാരമുള്ള നിയമാനുശാസനകൾ കൃത്യമായി അനുവർത്തിക്കുന്നുണ്ടെന്നും പാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നിരദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(1) ജില്ലാ മജിസ്ട്രേറ്റർമാരും മറ്റു ബന്ധപ്പെട്ട അധികാരികളും അവരവരുടെ ജില്ലയിൽപ്പെട്ട എല്ലാ പ്രിന്റിംഗ് പ്രസ്സുകളുടേയും താഴെ പറയുന്ന കാര്യങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

- (i) കേരള പഞ്ചായത്ത് രാജ് ആക്ട് 124-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 148-ാം വകുപ്പ് അനുശാസിക്കുന്ന വിധത്തിൽ ഓരോ അച്ചടിക്കാരനും പ്രസാധകനും അവരുടെ പേരും വിലാസവും പ്രസിദ്ധീകരണത്തിൽ അച്ചടിച്ചിരിക്കണമെന്ന് വ്യവസ്ഥ;
- (ii) അച്ചടിച്ച തീയതി മുതൽ പത്ത് ദിവസത്തിനകം അതിന്റെ ഒരു പ്രതി പ്രസാധകൻ നൽകിയ പ്രഖ്യാപനത്തിന്റെ പകർപ്പ് സഹിതം അയയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വീഴ്ചകൾ നിയമലംഘനമായി കണക്കാക്കുമെന്ന് വ്യക്തമാക്കിക്കൊണ്ടും;
- (iii) അപ്രകാരമുള്ള നിയമലംഘനങ്ങളെ വളരെ ഗൗരവമായി കണക്കാക്കുമെന്നും ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നും;

(2) രേഖകളുടെ എത്ര പ്രതികൾ അച്ചടിച്ചു എന്നും ആയതിന് എന്ത് കൂലിയാണ് ഈടാക്കിയതെന്നും മറ്റും കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ രേഖപ്പെടുത്തി ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തി പ്രഖ്യാപിക്കുന്നതിനോടൊപ്പം അച്ചടിച്ച രേഖകളും സമർപ്പിക്കണമെന്നും പ്രസ്സുടമയോട് ആവശ്യപ്പെടേണ്ടതാണ്.

(3) തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളും താൽപര്യമുള്ള മറ്റ് വ്യക്തികളും ഏതെല്ലാം ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ചതിൽ മേൽപ്രകാരമുള്ള നിയമം പാലിക്കപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കുന്നതിനും പാലിക്കപ്പെടാത്തവയെ സംബന്ധിച്ച് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പര്യാപ്തമാകുന്ന തരത്തിൽ ജില്ലാ മജിസ്ട്രേറ്റുമാർ അവരവർക്ക് ലഭിച്ച എല്ലാ അച്ചടിച്ച ലഘുലേഖകളും പോസ്റ്ററുകളും അദ്ദേഹത്തിന്റെ ഓഫീസിൽ പ്രധാനപ്പെട്ട സ്ഥലത്ത് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

കുറ്റകരമായ പ്രവർത്തികൾ കണ്ടെത്താനും അവയെ സംബന്ധിച്ച് അന്വേഷണം നടത്താനും നിയുക്തമായ അധികാരികളും ജില്ലാ മജിസ്ട്രേറ്റുമാരും കേരള പഞ്ചായത്ത്രാജ് ആക്റ്റിലെ 124-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 148-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് നടപടി സ്വീകരിക്കേണ്ടതുമാണ്.